## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** — **16.06.2014-ൽ മറുപടിയ്ക്ക്**

### മറയൂർ മേഖലയിലെ ചന്ദനക്കൊള്ള

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.ജമീലാ പ്രകാശം**<br>**ശ്രീ. മാത്യൂ. റ്റി. തോമസ്**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) മറയൂർ മേഖലയിൽ വൻ തോതിലുള്ള ചന്ദനക്കൊള്ള നടക്കുന്നതായ മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറയൂർ ചന്ദന ഡിവിഷനിൽ 2013 വർഷത്തിൽ ചന്ദന മോഷണവുമായി ബന്ധപ്പെട്ട് 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി 12 കേസ്സു കളിലായി 9 ചന്ദനമരവും, ഒരു ചന്ദന മരക്കുറ്റി പിഴുത് നീക്കം ചെയ്യുവാൻ ശ്രമിച്ചിട്ടുള്ളതും ഉൾപ്പെടുന്നു. ടി 12 ചന്ദന കേസ്സുകളിലായി 222 കിലോഗ്രാം ചന്ദനവും 3 വാഹനങ്ങളും പിടികൂടി യിട്ടുള്ളതാണ്. ടി 12 ചന്ദന കേസ്സുകളിലായി ആകെ 18 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ള തുമാണ്. കൂടാതെ ടി 12 കേസ്സുകളിൽ 5 കേസ്സുകളുടെ അന്വേഷണം പൂർത്തി യാക്കി ചാർജ്ജ് ഷീറ്റ് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.<br><br>2014 വർഷത്തിൽ മറയൂർ ചന്ദന ഡിവിഷനിൽ 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 8 ചന്ദന മരങ്ങൾ മുറിച്ചിട്ടുള്ളതാണ്. ടി 9 കേസ്സുകളിലായി 59.48 കിലോഗ്രാം ചന്ദനവും, 2 വാഹനവും പിടി |

കൂടിയിട്ടുള്ളതുമാണ്. 2014 വർഷത്തിലെ കേസ്സുകളിൽ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. 2014 വർഷത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ രണ്ട് കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

മറയൂർ ചന്ദന ഡിവിഷന്റെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള മോഷണമാണ് 2013 വർഷത്തിൽ ഉണ്ടായിട്ടുള്ളത്. നിലവിൽ ചന്ദന സംരക്ഷണത്തിനായി ഡിപ്പാർട്ട്മെന്റ് നടത്തിവരുന്ന പട്രോളിംഗ്, വാഹന പരിശോധന, രഹസ്യ വിവരം ശേഖരിക്കൽ, ഡോഗ് സ്ക്വാഡിന്റെ സേവനം തുടങ്ങി എല്ലാ സംവിധാനങ്ങളും ഫലപ്രദമായി നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ